**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 106** **27-06-2022 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ രാഷ്ട്രീയ കൊലപാതകങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കേരള പിറവിക്ക് ശേഷം കേരളത്തിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളുടെ കണക്ക് ഇനം തിരിച്ച് സംസ്ഥാന ക്രൈം റിക്കാർഡ്സ് ബ്യൂറോയിലോ പോലീസ് ആസ്ഥാനത്തോ സംസ്ഥാന ആഭ്യന്തര വകുപ്പിലോ സൂക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമാക്കുമോ; ഇല്ലെങ്കിൽ ശേഖരിച്ചു ലഭ്യമാക്കുമോ; | (എ) | കേരള പിറവി മുതലുള്ള പൂർണ്ണമായ വിവരങ്ങൾ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. ഇവ ശേഖരിച്ച് ലഭ്യമാക്കാനും കഴിയില്ല. |
| (ബി) | കേരളത്തിലെ നിരോധിക്കപ്പെട്ട സംഘടനകൾ നടത്തിയ കൊലപാതകങ്ങൾ പ്രസ്തുത സംഘടനകളുടെ ഇനം തിരിച്ച് സൂക്ഷിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | (എ) യിൽ ചേർത്തിട്ടുണ്ട്. |
| (സി) | കേരളത്തിൽ വർദ്ധിച്ചു വരുന്ന രാഷ്ട്രീയ കൊലപാതകങ്ങൾ കാരണം പൊതുജനജീവിതം ദു:സഹമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (ഡി) | കേരളത്തിൽ അടുത്തിടയായി അടിക്കടി വർദ്ധിച്ചു വരുന്ന കൊലപാതകങ്ങൾക്കെതിരെ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ; | (ഡി) | സംഘർഷസാധ്യത കണക്കിലെടുത്ത് ആവശ്യമായ സുരക്ഷക്രമീകരണങ്ങളും മറ്റു മുൻകരുതൽ നടപടികളും സ്വീകരിക്കുകയുണ്ടായി. ആലപ്പുഴ ,പാലക്കാട്, ജില്ലകളിൽ നടന്ന രാഷ്ട്രീയ കൊലപാതകങ്ങളെത്തുടർന്ന് സാമൂഹ്യമാധ്യമങ്ങളിലൂടെ സ്പർദ്ധവളർത്തി വർഗ്ഗീയസംഘർഷം ഉണ്ടാക്കാൻ ശ്രമിച്ചവർക്കെതിരെ കർശന നിയമനടപടികൾ സ്വീകരിച്ചതുവഴി അത്തരം സംഘടനകളുടെ നീക്കം തടയുവാൻ കഴിഞ്ഞു. സംസ്ഥാന ഇന്റലിജൻസ് വിഭാഗം ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചതിലൂടെയും ബന്ധപ്പെട്ട കേസുകളിലെ പ്രതികളെ ഉടൻ തന്നെ കണ്ടെത്തി അറസ്റ്റ് ചെയ്യാൻ കഴിഞ്ഞതും വഴി സംഘർഷസാധ്യത ഒഴിവാക്കുന്നതിന് സാധിച്ചു. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുവാൻ കർശനമായ നടപടികൾ സ്വീകരിച്ചതിന് പുറമേ പ്രസ്തുത കേസുകളുടെ അന്വേഷണം |

| | | | |
|---|---|---|---|
| | | | ത്വരിതപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. |
| (ഇ) | കേരളത്തിൽ വർദ്ധിച്ചുവരുന്ന കൊലപാതകങ്ങൾക്ക് നേതൃത്വം നൽകുന്ന ക്വട്ടേഷൻ സംഘങ്ങളെ അമർച്ച ചെയ്യുന്നതിന് സർക്കാർ സ്വീകരിച്ച നടപടികളെ പറ്റി വിശദമാക്കാമോ? | (ഇ) | സംസ്ഥാനത്ത് ഗുണ്ടാ അക്രമങ്ങളും, കൊലപാതകങ്ങളും പോലുള്ള കുറ്റകൃത്യങ്ങൾ തടയുന്നതിനായി ജില്ലാതലങ്ങളിൽ Special Action Group against Organized Crimes (SAGOC) രൂപീകരിക്കുകയും സംസ്ഥാനത്തെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലും ഗുണ്ടകളുടേയും സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരുടെയും വിവരങ്ങൾ ശേഖരിക്കുകയും കൃത്യമായ ഇടവേളകളിൽ അവരുടെ പ്രവർത്തനങ്ങൾ രഹസ്യമായി പരിശോധിക്കുകയും ചെയ്തു വരുന്നു. എല്ലാ പോലീസ് സ്റ്റേഷനുകളിലും സബ് ഇൻസ്പെക്ടറുടെ മേൽ നോട്ടത്തിൽ Anti-Organised Crimes Cell (AOCC) രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു.ഇതിനു പുറമേ ഗുണ്ടാ ആക്രമണങ്ങൾ നിയന്ത്രിക്കുന്നതിന് സ്ഥിരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കുമെതിരെ 107 Cr.PC, KAPPA എന്നീ വകുപ്പുകൾ പ്രകാരമുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ